LIBRARY ARCHIVES Kerala Legislative Assembly

പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടി

63 (5410) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ അനുമതിയില്ലാതെ സ്ഥാപിച്ച പരസ്യ ബോർഡുകൾ നീക്കം ചെയ്യാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും ചെറുതും വലുതുമായ പരസ്യബോർഡുകൾ സ്ഥാപിച്ചും വൈദ്യുതി കാലുകളിൽ അപകടകരമായ രീതിയിൽ കേബിൾ വയറുകളും പരസ്യബോർഡുകളും മറ്റും ഇക്കിയിട്ടും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് അനധികൃതമായി പരസ്യബോർഡുകൾ സ്ഥാപിച്ചും ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വിരൂപമാക്കുന്നത് തടഞ്ഞ് ഈയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ഫീസ് ലഭിക്കാതെ പോകുന്നത് തടയുക ഹ്ളക്സ് ബോർഡുകളുടെ അനിയന്ത്രിത വർദ്ധനവ് മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നത് തടയുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതി നടപ്പിലാക്കുവാൻ ക്ലീൻ കേരളാ കമ്പനിയെ അധികാരപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരസഭാ ജീവനക്കാരുടെ പെൻഷൻ

64 (5411) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ നൽകിയ വകയിൽ എത്ര ഇക നഗരസഭകൾക്ക് നൽകാനുണ്ടെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഇക നഗരസഭകൾക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;